## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1215 20.01.2014 -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. .കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയ കൂട്ടത്തിൽ നിയമനം ലഭിച്ചവർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ ; എങ്കിൽ അവരുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (എ) | ഉണ്ട്. കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട കേസിലെ അന്തിമ വിധി വന്നിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട അസിസ്റ്റന്റുമാരുടെ കാര്യത്തിൽ സർവ്വകലാശാല നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | ക്രമരഹിത നിയമനകാര്യത്തിൽ ലോകായുക്തയും , കോടതിയും സ്വീകരിച്ച നിലപാടും നൽകിയ ഉത്തരവുകളും സംബന്ധിച്ച വിശദമായ വിവരം നൽകുമോ ; | (ബി) & (സി) | അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് ശ്രീ സുജിത്. എസ്. എസ് നൽകിയ പരാതി (Complaint No.572/2008) ബഹു. ലോകായുക്ത ജസ്റ്റിസ് എൻ കൃഷ്ണൻ നായർ പരിഗണിക്കുകയും തുടർ നടപടികൾ ശുപാർശ ചെയ്തുകൊണ്ടുള്ള ഉത്തരവ് 30.09.2008 ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. പ്രസ്തുത ഉത്തരവ് (റിപ്പോർട്ട്) 30.06.2009 ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി റദ്ദാക്കുകയും, ബഹു. ഹൈക്കോടതി നിർദ്ദേശിച്ച വിഷയങ്ങളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനായി റിട്ട. ജില്ല ജഡ്ജി സുകുമാരൻ അദ്ധ്യക്ഷനും , ശ്രീ. കുരുവിള ജോൺ IAS, ശ്രീ. പത്മകുമാർ IAS, |
| (സി) | പ്രസ്തുത നിയമനത്തിൽ കോടതിയുടെ വിധിപ്രകാരം എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നുള്ള വിശദാംശം നൽകുമോ ; | | |

| | | |
| --- | --- | --- |
| | | ശ്രീ. വിഷ്ണു റാം എന്നിവർ അംഗങ്ങളും ആയി ഒരു സമിതി (ഹൈപവർ കമ്മിറ്റി) രൂപീകരിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. പ്രസ്തുത സമിതി 2010 ഡിസംബർ മാസം പത്താം തീയതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാകുന്നു. തുടർന്ന് ടി. പരാതി (C.No.572/2008) ബഹു. ലോകായുക്ത മുൻപാകെ വീണ്ടും പരിഗണനയ്ക്ക് വരികയും ബഹു. ലോകായുക്ത ജസ്റ്റീസ് ജി ശശിധരൻ 29.12.2011 ലെ ഉത്തരവ് പ്രകാരം മേൽ നടപടികൾ ശുപാർശ ചെയ്തിട്ടുള്ളതുമാകുന്നു. അതിൻപ്രകാരം കുറ്റക്കാരായി ലോകായുക്ത കണ്ടെത്തിയ ഉദ്യോഗസ്ഥർ / സിൻഡിക്കേറ്റ് മെമ്പർമാർ ക്കെതിരെ ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവായിരുന്നു. ഈ വിഷയം സംബന്ധിച്ച് വിവിധ കേസുകൾ ഹൈക്കോടതിയിൽ പരിഗണനയിലായതിനാൽ റാങ്കിലിസ്റ്റ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങളിൽമേൽ , കോംപീറ്റന്റ് അതോറിറ്റിയ്ക്ക് അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ലോകായുക്തയുടെ വിധിയിൻമേൽ അന്തിമ തീരുമാനമെടുക്കുന്നതിന് , കോടതി കേസുകൾ തടസ്സമല്ലെന്ന് ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോംപീറ്റന്റ് അതോറിറ്റി നടപടി സ്വീകരിച്ചെങ്കിലും പ്രസ്തുത റിപ്പോർട്ട് ലോകായുക്തക്ക് തൃപ്തികരമല്ലാത്തതിനാൽ ഗവർണ്ണർക്ക് സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്.<br>ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ